ശ്രീ എ. എ. റഹിം : നിശ്ചയമായും സന്ദർശിക്കാം.

ശ്രീ. കെ. എ. ശിവരാമഭാരതി : സമയച്ചുരുക്കംകൊണ്ട് മിക്കവാറും രോഗികളെ ചില ആശുപത്രികളിൽനിന്ന് മടക്കി അയച്ചുകൊണ്ടിരിക്കുകയാണെന്ന് അറിയാമോ ?

ശ്രീ. എ. എ. റഹിം : അങ്ങനെ അറിവില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി : ബെഡ്ഡു ഇല്ലാത്തതുകൊണ്ട് രോഗികളെ ആശുപത്രികളിൽനിന്നും തിരിച്ചയക്കുന്നില്ലെന്നാണോ പറയുന്നത് ?

ശ്രീ. എ. എ. റഹിം : അങ്ങനെ പറഞ്ഞയയ്ക്കുന്നതായിട്ട് എനിക്ക് അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രോഗികളെ വരാന്തയിൽ കിടത്തരുതെന്ന് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്നാലും ചിലപ്പോൾ രോഗികളുടെ അപേക്ഷപ്രകാരം കിടത്തേണ്ടിവന്നേക്കും.

ശ്രീ. ടി. കെ. ദിവാകരൻ : ബഹുമാനപ്പെട്ട മന്ത്രി കൊല്ലം ഡിസ്ട്രക്ട് ആശുപത്രി സന്ദർശിച്ചപ്പോൾ രോഗികളെ വരാന്തയിൽ കിടത്തിയിട്ടുള്ളതു കണ്ടിട്ടില്ലേ ?

ശ്രീ. എ. എ. റഹിം : അതു ഒരു നിവൃത്തിയും ഇല്ലാത്തതുകൊണ്ട് അങ്ങനെ ചെയ്തിട്ടുള്ളതാണ്. ഒഴിവു വരുന്ന കട്ടിലിൽ കിടത്തിക്കൊണ്ടിരിക്കുകയാണ് ചെയ്യുന്നതു്.

പോലീസ് മർദ്ദനം.

✻ 606. [2] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലായി ഐ. ജി. ആഫ് പോലീസിനു് പോലീസ് മർദ്ദനം സംബന്ധിച്ചു് ലഭിച്ചിരുന്ന പരാതികൾ എത്രയാണു് ;

(ബി) ഇതിൽ എത്ര പരാതികൾ അന്വേഷണത്തിനു വച്ചു;

(സി) എത്ര പരാതികൾ തെളിഞ്ഞു;

(ഡി) മർദ്ദനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെട്ട പോലീസുകാരുടേയും പോലീസ് ഉദ്യോഗസ്ഥന്മാരുടേയും എണ്ണം എത്ര?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 81

(ബി) 81

(സി) അന്വേഷണം പൂർത്തിയായ എഴുപതു പരാതിയിൽ കുറ്റം തെളിഞ്ഞിട്ടില്ല. അവയിലെ ആരോപണങ്ങൾ എല്ലാം അടിസ്ഥാനരഹിതമാണെന്നു് മനസ്സിലായി.

(ഡി) സി—യ്ക്കുള്ള മറുപടിയിന്മേൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പോലീസ് മർദ്ദനത്തെ സംബന്ധിച്ച് പരാതിപ്പെടുമ്പോൾ അന്വേഷണം നടത്തുന്നതു് ആരാണു്?

ശ്രീ. എ. ജെ. ജാൺ : എ. എസ്. പി., ഡി. എസ്. പി. മുതലായ ഉദ്യോഗസ്ഥന്മാരാണു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളുടെ യഥാർത്ഥ്യം പുറത്താക്കരുതെന്നുള്ള മനഃപൂർവ്വ ഉദ്ദേശത്തോടല്ലേ ഇവർ അന്വേഷണം നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഏതെങ്കിലും ഒരു സ്ഥലത്തു് പോലീസ് മർദ്ദനം ഉണ്ടായാൽ മർദ്ദനമേറ്റ പാർട്ടിക്കാർ അന്വേഷണം നടത്തണമെന്നു് പരാതിപ്പെടുന്ന അവസരത്തിൽ അതിന്റെ ഡേറ്റു് കഴിഞ്ഞുപോയി എന്ന കാരണം പറഞ്ഞു് അന്വേഷണം നടത്താതിരിക്കുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ അന്വേഷണം നടത്താതിരിക്കുന്നു എന്നു് അറിഞ്ഞുകൂടാ. ഇന്ന സംഭവത്തെപ്പറ്റി ആണെന്നു് പറഞ്ഞാൽ അതേപ്പറ്റി സമാധാനം ചോദിക്കാം. എന്നാൽ പൊതുവായിട്ടു് അന്വേഷണം നടത്തുന്നില്ല എന്നാണെങ്കിൽ അതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ : മനഃപൂർവ്വമായി അന്യായമായ കള്ളപ്പരാതിയെപ്പറ്റി ചാർജ്ജുചെയ്ത കേസു് എടുക്കുന്ന സമ്പ്രദായം ഉണ്ടോ;

ശ്രീ. എ. ജെ. ജാൺ : അങ്ങനെ കേസു് എടുക്കേണ്ടതാണു്. എന്നാൽ ഇപ്പോൾ അങ്ങിനെ ചെയ്യുന്നില്ല.

ശ്രീ. പി. ആർ. ബാലകൃഷ്ണപിള്ള : കണ്ടശ്ശാംകടവിൽ ഇപ്പോഴും പോലീസു് മർദ്ദനം നടക്കുന്നു എന്നു് പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : പരാതികൾ ധാരാളം കിട്ടിക്കൊണ്ടിരിക്കുകയാണു്. പക്ഷെ അന്വേഷിച്ചാൽ ഇവയൊക്കെ അടിസ്ഥാനരഹിതങ്ങളാണെന്നാണു് തെളിയുന്നതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : കണ്ടശ്ശാംകടവിൽ ഇന്നലെയും പോലീസു് മർദ്ദനം നടത്തി എന്നുള്ളതു ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ലാക്കപ്പുകളിൽ സൂക്ഷിക്കുന്ന സ്ത്രീകൾ.

* 607. [3] ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി പറയുമോ :

(എ) സ്ത്രീകളെ അറസ്റ്റുചെയ്തു് ലാക്കപ്പുകളിൽ സൂക്ഷിക്കുമ്പോൾ മേൽനോട്ടം വഹിക്കാൻ പുരുഷന്മാരായ പോലീസുകാരെ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly